കേരള സർക്കാർ
പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്
കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ(നാലാം നില)
തിരുവനന്തപുരം 695001 ഫോൺ0471-2326264(ഓഫീസ്)
മെയിൽ environmentdirectorate@gmail.com വെബ്:www.envt.kerala.gov.in

നം. ഡി.ഒ.ഇ.സി.സി /ഇ2/339/2024(1) തീയതി:11-11-2025

## ദർഘാസ് പരസ്യം

പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് സംഘടിപ്പിക്കുന്ന ‘പ്ലാസ്റ്റിക് ലഘൂകൃത ജീവിതശൈലി ക്യാമ്പയിൻ’ ആവശ്യത്തിലേക്ക് വിനിയോഗിക്കുന്നതിനായി ഒരു ബോധവൽക്കരണ വീഡിയോയും മൂന്ന് റീലുകളും തയ്യാറാക്കുന്നതിനായി യോഗ്യമായ ഏജൻസികളിൽ നിന്നും മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. താഴെപ്പറയുന്ന നിബന്ധനകൾക്കും മാർഗ്ഗനിർദേശങ്ങൾക്കും വിധേയമായി ദർഘാസുകൾ സമർപ്പിക്കേണ്ടതാണ്.

| ക്രമ നം. | വീഡിയോകൾ | നിബന്ധനകൾ |
|---|---|---|
| 1 | ബോധവത്കരണ വീഡിയോ - 1 | ക്യാമ്പയിനുമായി ബന്ധപ്പെട്ട് സുസ്ഥിര ഭാവിയ്ക്കായി ജീവിതശൈലി മാറ്റത്തിന്റെ അനിവാര്യത പൊതുജനങ്ങൾക്ക് മനസ്സിലാകുന്നതിനു അനുയോജ്യമായ 10-15 മിനിറ്റ് ദൈർഘ്യമുള്ള ഒരു ബോധവത്കരണ വീഡിയോ ആണ് തയ്യാറാക്കേണ്ടത്. ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യവും സാമൂഹിക, കുടുംബ, വ്യക്തി തലങ്ങളിൽ അവലംബിക്കേണ്ട ജീവിതശൈലീ മാറ്റങ്ങളും വീഡിയോയിൽ ഉൾപ്പെടുത്തേണ്ടതാണ്. |
| 2 | സോഷ്യൽ മീഡിയ റീലുകൾ - 3 എണ്ണം | ക്യാമ്പയിൻ പ്രചാരണത്തിനായി ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക്ക് വസ്തുക്കൾക്കുള്ള ബദലുകൾ, അവയുടെ ഉപയോഗം പരമാവധി കുറയ്ക്കൽ, ഉറവിടത്തിൽ മാലിന്യങ്ങൾ വേർതിരിക്ക |

| | | |
|---|---|---|
| | | ൽ, പ്രാദേശിക മാലിന്യ സംസ്ക്കരണ സംവിധ ാനവുമായി ചേർന്നു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയ വിഷയങ്ങളിൽ മൂന്ന് സോഷ്യൽ മീഡിയ റീലുകൾ |

**നിബന്ധനകൾ:**

- ലഭ്യമാക്കേണ്ട സേവനങ്ങൾ: വീഡിയോ ഷൂട്ടിംഗ്, എഡിറ്റിംഗ്, വോയ്സ് ഓവർ, പശ്ചാത്തല സംഗീതം, ഗ്രാഫിക്സ്.
- വീഡിയോ നിർമ്മാണ മേഖലയിൽ ഏജൻസിയുടെ അനുഭവസമ്പത്ത് തെളിയിക്കുന്ന രേഖകളോ വീഡിയോകളോ (ലിങ്കുകൾ) സമർപ്പിക്കണം.
- സേവനങ്ങളുടെ തുക ഇനം തിരിച്ചു സമർപ്പിക്കേണ്ടതാണ്. വിലയിൽ എല്ലാ ചെലവുകളും (GST ഉൾപ്പെടെ) ഉൾപ്പെടുത്തണം.
- തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസി ബോധവത്കരണ വീഡിയോയുടെയും സോഷ്യൽ മീഡിയ റീലുകളുടെയും കരട് സ്ക്രിപ്റ്റ് തയാറാക്കി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതും ഡയറക്ടറേറ്റ് നിർദേശിക്കുന്ന ഭേദഗതികൾ വരുത്തേണ്ടതുമാണ് .
- ഭാഷ: മലയാളം (ഇംഗ്ലീഷ് സബ്ടൈറ്റിൽ ഉൾപ്പെടുത്തണം)
- ഫോർമാറ്റ്: Full HD / സോഷ്യൽ മീഡിയ ഫോർമാറ്റ് (16:9, 1:1)
- ദർഘാസുകൾ സീൽ ചെയ്ത കവറിൽ **"Quotation for Preparation of Awareness Videos for Low-Plastic Lifestyle Campaign"** എന്ന പേരിൽ സമർപ്പിക്കണം.

താല്പര്യമുള്ള ഏജൻ സികൾ ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ (നാലാം നില), തിരുവനന്തപുരം - 695001 എന്ന വിലാസത്തിൽ നവംബർ 29 ന് 3.00 മണിക്ക് മുൻപായി ദർഘാസുകൾ സമർപ്പിക്കേണ്ടതാണ്.

ദർഘാസുകൾ അന്നേ ദിവസം വൈകുന്നേരം 4.00 മണിക്ക് തുറക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

Signed by
Suneel Pamidi
Date: 11-11-2025 15:51:03

**SUNEEL PAMIDI**

**DIRECTOR**